LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963.

(Second Meeting)

Friday, the 15th November 1963

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 15th November 1963 with Mr. Speaker in the Chair.

SHORT NOTICE QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

നികുതി കുടിശ്ശികക്കുവേണ്ടി ഗവണ്മെന്റു് കൈവശപ്പെടുത്തിയ ബസ്സുകൾ.

* 887. [27] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതികുടിശ്ശികകൾ ഈടാക്കുന്നതിനുവേണ്ടി കോട്ടയം ജില്ലയിലുള്ള എത്ര ബസ്സുകൾ ഇപ്പോൾ ഗവണ്മെന്റു് കൈവശപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടു് ;

(ബി) ഏതെല്ലാം റൂട്ടുകളിലെ ഏതെല്ലാം ബസ്സുകളാണു് ഇങ്ങനെ ജപ്തിനടപടികൾക്കു് വിധേയമാക്കപ്പെട്ടിട്ടുള്ളതു് ;

(സി) ഇതിന്റെ ഫലമായി പ്രസ്തുത ബസ്സുകളിൽ ജോലി ചെയ്തിരുന്ന എത്ര പേർക്കു് തൊഴിലില്ലാതായിട്ടുണ്ടു് ;

(ഡി) ബസ്സുടമകളിൽനിന്നു വിവിധ ഇനങ്ങളിലായി തൊഴിലാളികൾക്കു് വലിയൊരു തുക കിട്ടേണ്ടതായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഈ) ഈ തൊഴിലാളികൾക്കു് ജോലി ലഭിക്കുന്നതിനും അവർക്കു് ബസ്സുടമകളിൽനിന്നു കിട്ടുവാനുള്ള പണം ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ ദയവായി സ്വീകരിക്കുമോ ;

(എഫു്) പൊതുജനങ്ങളുടെ യാത്രാസൌകര്യത്തിനു ഉറപ്പു വരുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 20.

(ബി) ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) 60 തൊഴിലാളികൾക്കു്.

(ഡി) വിവിധ ഇനങ്ങളിലായി വലിയൊരു തുക കിട്ടേണ്ടതായിട്ടുണ്ടെന്നുള്ള ഒരു പത്രവാർത്ത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ഇ) സാധാരണയായി ബസ്സു് ജപ്തി ചെയ്തു കഴിഞ്ഞാൽ ഒന്നരണ്ടാഴ്ചക്കകം നികുതി കുടിശ്ശിക അടച്ചുതീർക്കുകയാണു് പതിവു്. കാലതാമസം ഉണ്ടായാൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണു്.

(എഫ്) കാലതാമസം ഉണ്ടായാൽ ഇതിനെക്കുറിച്ചുള്ള നടപടി ഗവണ്മെൻറു് സ്വീകരിക്കുന്നതാണു്.

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : ഒന്നരണ്ടു മാസം മുമ്പു തൊഴിലാളികളുടെ പ്രതിനിധികളും ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ ഈ ബസ്സുകളും ലേലം ചെയ്തു അവർക്കുള്ള ശമ്പളക്കുടിശ്ശിക നൽകണമെന്നു നിവേദനം നൽകിയിട്ടില്ലേ ?

ശ്രീ. കെ. ടി. അച്യുതൻ : എംപ്ലോയറും എംപ്ലോയീസും തമ്മിലുള്ള ഇന്നത്തെ വ്യവസ്ഥ അനുസരിച്ചു എംപ്ലോയർക്കു എംപ്ലോയീസിനെ പിരിച്ചുവിടാൻ അവകാശം ഉണ്ടു്. ഈ കൂട്ടകളെല്ലാം നാഷണലൈസു ചെയ്തു കഴിഞ്ഞാൽ ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു കാര്യം രമ്യതയിലാക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യാവുന്നതാണു്.

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : ഇപ്പോഴും ജപ്തി ചെയ്തിരിക്കുന്ന ബസ്സുകളുടെ വില നികുതികുടിശ്ശികക്കു മതിയാകയില്ലെന്നുള്ളതിനെ പരിഗണിച്ചു് ഉടമകളുടെ വസ്തുക്കളും കെട്ടിടങ്ങളും ജനറലായിട്ടു ജപ്തി ചെയ്തു ഗവണ്മെൻറു് എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ജനറലായിട്ടു ജപ്തി ചെയ്യേണ്ടകാര്യം ഉണ്ടായാൽ ഒന്നാം ചാർജായി മറ്റു കെട്ടിടങ്ങളിൽ നിന്നും അതു വസൂലാക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. രവീന്ദ്രൻ : ബസ്സിലെ തൊഴിലാളികളുടെ ഒരു സഹകരണസംഘം ഉണ്ടാക്കി ഈ ബസ്സുകളും ഓടിക്കുവാൻ അവർക്കു് സൗകര്യം ഉണ്ടാക്കികൊടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : കഴിഞ്ഞ വർഷം പാസ്സാക്കിയ നിയമത്തിൽ തൊഴിലാളികളുടെ സഹകരണസംഘം ഉണ്ടാക്കി കൊടുക്കാമെന്നു വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : കർശനമായി ജപ്തി ചെയ്തുകൊണ്ടു് പല സ്കീമുകളും മുടങ്ങിയിട്ടുണ്ടു്. എന്നാൽ ഈ ബസ്സുകളുംകൊണ്ടു കുടിശ്ശിക നികത്താനും സാധിക്കുകയില്ല. ഇങ്ങനെ വളരെയധികം കുടിശ്ശിക വന്നതുതന്നെ മുൻകൊല്ലങ്ങളിൽ ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നതുകൊണ്ടാണു്. ഇനിയെങ്കിലും കുടിശ്ശിക ഇങ്ങനെ വർദ്ധിക്കാതിരിക്കാൻ നേരത്തേ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇതു വളരെ നേരത്തേയുണ്ടായിട്ടുള്ള കുടിശ്ശികയാണു്. 1957–58 മുതൽക്കുള്ള കുടിശ്ശികയാണു്. സർക്കാർ ആവശ്യമായ നടപടി എടുത്തുകൊണ്ടിരിക്കുകയാണു്. അൽപ്പസ്വൽപ്പം സമയവും സൗകര്യവും കൊടുത്തു. കുടിശ്ശിക കൂടുതലായപ്പോഴാണു് കർശനമായ നടപടി കൈക്കൊണ്ടു് ബസ്സു് ജപ്തി ചെയ്തതു്. യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ചു, ടെമ്പററി പെർമിറ്റുകൾ മൂലം ബസ്സു് ഓടിക്കാവുന്നതാണു്.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ജപ്തി ചെയ്ത ബസ്സിന്റെ വില കൊണ്ട് കടിശ്ശിക അടഞ്ഞു തീരുകയില്ല എന്നു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം അങ്ങനെ കണ്ടു ചെയ്തിട്ടുള്ള ബസ്സുകൾ ആ റൂട്ടുകളിൽ കൂടി ഓടിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ നടപടി സ്വീകരിച്ചിരുന്നതാണ്. പുതിയ ചേസിസ് വാങ്ങിക്കുന്നതിൻ പ്രയാസമായതുകൊണ്ട് ഇൻഡ്യാ ഗവണ്മെന്റ് ഉപദേശിച്ചതുപ്രകാരം നിർബന്ധമായിട്ട് അവ കണ്ടം ചെയ്യുകയാതെ ചില അറ്റകുറ്റപ്പണികൾ നടത്തി കൊള്ളാവുന്നവ ഓടിക്കുക എന്ന നയമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഓരോ ജില്ലയിലും കടിശ്ശിക വരുത്തിയിട്ടുള്ളതു എത്ര വീതമാണെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. മലബാർഭാഗത്തു പൊതുവേ കടിശ്ശിക അടച്ചുവരുന്നുണ്ട്. അടയ്ക്കാത്തവരുടെ പേരിൽ കർശനമായ നടപടി നിയമം മൂലം എടുക്കുകയും ചെയ്യും.

ശ്രീ. എം. നാരായണക്കുറുപ്പ് : കഴിഞ്ഞ കാലങ്ങളിലെ കടിശ്ശികയാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1958—ൽ ലക്ഷക്കണക്കിനുമാത്രം കടിശ്ശിക ഉണ്ടായിരുന്നതു ഇപ്പോൾ ഒരുകോടിഇരുപത്തിയെട്ടു ലക്ഷം വരെ ആയിരിക്കുകയാണ്. ഇതിനു കാരണം ബസ്സ് ഉടമകളുടെ നേരെ ഗവണ്മെന്റു ഔദാര്യ പൂർവ്വം പെരുമാറുന്നു എന്നുള്ളതാണ്. അതു മാറ്റി ഇതിന്റെ നടത്തിപ്പിൽ കുറെകൂടി കർശനമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെയല്ല. ഔദാര്യം തീരെയില്ല. എന്നു വിചാരിച്ചു പെട്ടെന്നു നടപടി സ്വീകരിച്ചു ഇവരെ പാപ്പരാക്കുന്നതിനും ഉദ്ദേശമില്ല. ഇവർക്കുകുറെശ്ശെ കടിശ്ശിക തന്നു രക്ഷപ്പെടാൻ സാധിക്കുമെങ്കിൽ അതുവരെ സമയം കൊടുക്കണമെന്നുള്ളതാണ് ഗവണ്മെൻറിന്റെ നയം.

Disbursement of Provident Fund of Private School Teachers

* **888.** [28] **Shri George Joseph Podipara:** Will the Chief Minister be pleased to state :

(a) whether Provident Fund amount has been disbursed to the teachers of private schools, who retired from service after March 1962;

(b) if not, what are the reasons for non-disbursement of the Provident Fund amount to the retired teachers ;

(c) whether Government sanction is necessary for closing the Provident Fund Account of the teachers (in private schools) who have contributed to the Provident Fund after 1-7-1961;

(d) are Government aware of the fact that the Regional Deputy Director of Public Instruction, Ernakulam is insisting on Government sanction to close such Provident Fund Accounts; and

(e) whether it is a fact that on this ground, the payment of Provident Fund is unnecessarily delayed for the last two years ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to starred question* No. 887 (27)]

LIST OF BUSES SEIZED FOR TAX ARREARS IN KOTTAYAM DISTRICT.

(vide sub-section (b) to Question No. 27)

Route	No. *of buses.*
Kottayam-Vaikom	2
Kottayam-Ettumanoor	2
Palai-Peppathipara	1
Palai-Vetchoor	2
Palai-Muvattupuzha	2
Palai-Athirampuzha	1
Palai-Ramamangalam	1
Palai-Pappathipara	1
Vaikom-Vetchoor	1
Vaikom-Alwaye	1
Vaikom-Valanjambalam	1
Ernakulam-Bharananganam	1
Muttuchira-Bharananganam	1
Kuravilangad-Ramapuram	1
Koothattukulam-Kakkadasserikadavu	1
Piravom-Uzhavoor	1
	20

Note : S. M. Union 18 buses
C. L. V. and Sons 1 bus,
New Bharath 1 bus.

LIBRARY ARCHIVES Kerala Legislative Assembly